സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷ ഉദ്യോഗാർത്ഥികൾ പെരുവഴിയിൽ തന്നെ

ഏതൊക്കെ സ്ഥാപനങ്ങൾ നടത്തുന്ന ഡി.സി.എ കോഴ്സുകൾ അംഗീകരിക്കാമെന്ന് തീരുമാനമായില്ല

തിരുവനന്തപുരം: സെക്രട്ടേറിയേറ്റ് അസിസ്റ്റന്റ് തസ്തികയുടെ പുതുക്കിയ യോഗ്യതയുടെ ഭാഗമായ കമ്പ്യൂട്ടർ ഡിപ്ളോമ (ഡി.സി.എ) കോഴ്സിനെ കുറിച്ച് വ്യക്തത വരാൻ ഇനിയും വൈകും. കമ്പ്യൂട്ടർ ഡിപ്ളോമയ്ക്ക് തത്തുല്ല്യമായ കോഴ്സുകൾ പി.എസ്.സി അംഗീകരിച്ചെങ്കിലും ഏതൊക്കെ സ്ഥാപനങ്ങൾ നടത്തുന്ന ഡി.സി.എ കോഴ്സുകൾ അംഗീകരിക്കാമെന്ന കാര്യത്തിൽ തീരുമാനമുണ്ടാകാത്തതാണ് വീണ്ടും പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത്.

സർവ്വകലാശാലകൾ നടത്തുന്ന ബി.ടെക്, എം.സി.എ, പി.ജി.ഡി.സി.എ, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ ബിരുദങ്ങൾ, പ്ലസ്ടു കമ്പ്യൂട്ടർ സയൻസ്, എൽ.ബി.എസ്, ഐ.എച്ച്.ആർ.ഡി എന്നീ സ്ഥാപനങ്ങൾ നടത്തുന്ന പി.ജി.ഡി.സി.എ എന്നിവ തത്തുല്ല്യ കോഴ്സുകളായി പി.എസ്.സി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സി-ഡിറ്റ് ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഡി.സി.എ കോഴ്സ് അംഗീകരിക്കുമോയെന്ന കാര്യത്തിൽ തീരുമാനം ഉണ്ടായിട്ടില്ല.

പുതുക്കിയ യോഗ്യത പ്രകാരം സെക്രട്ടേറിയേറ്റ് അസിസ്റ്റന്റ് തസ്തികയിൽ അപേക്ഷിക്കുന്നതിന് ആറുമാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള ഡി.സി.എ കോഴ്സ് വിജയിച്ചിരിക്കണം. ഇപ്പോൾ പി.എസ്.സി അംഗീകരിച്ചിരിക്കുന്ന തത്തുല്ല്യ കോഴ്സുകളുടെയെല്ലാം ഏറ്റവും കുറഞ്ഞ ദൈർഘ്യം ഒരു വർഷമാണ്. അതിനാൽ തന്നെ സി-ഡിറ്റ്, കെൽട്രോൺ തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന ആറുമാസം ദൈർഘ്യമുള്ള കമ്പ്യൂട്ടർ ഡിപ്ളോമ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കുമോ എന്ന കാര്യത്തിൽ ആശങ്ക ഉയർന്നിട്ടുണ്ട്.

വിവിധ സ്ഥാപനങ്ങൾ നടത്തുന്ന ഡി.സി.എ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് തീരുമാനം എടുക്കണമെന്ന് ആവശ്യപ്പെട്ട് പി.എസ്.സി സർക്കാരിന് കത്തുനൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ബിനോയ് പി.സി ബിഗ്ന്യൂസിനോട് പറഞ്ഞു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്ന് റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് ഇക്കാര്യത്തിൽ വ്യക്തത വരുത്തുമെന്നും അദ്ദേഹം അറിയിച്ചു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കാൻ മാസങ്ങൾ വേണ്ടിവരുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

ഡി.സി.എ കോഴ്സിനെ കുറിച്ച് വ്യക്തത വരുത്താൻ കഴിയാത്തത് സെക്രട്ടേറിയേറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷിക്കാൻ കാത്തിരിക്കുന്ന ആയിരങ്ങളെ ബാധിക്കും. തത്തുല്ല്യ കോഴ്സുകളെ കുറിച്ച് വരുത്തിയ വ്യക്തത യോഗ്യത നേടിയവർക്ക് മാത്രമേ പ്രയോജനപ്പെടൂ. പുതുതായി യോഗ്യത നേടേണ്ടവരിൽ ബഹുഭൂരിപക്ഷത്തിനും പി.എസ്.സി അംഗീകരിച്ച തത്തുല്ല്യ യോഗ്യതകൾ അടുത്ത വിജ്ഞാപനത്തിന് മുമ്പ് നേടാൻ കഴിയില്ലെന്ന് വ്യക്തമാണ്.

ഡി.സി.എയുടെ കാര്യത്തിൽ ഇപ്പോഴും അവ്യക്തത തുടരുന്നത് പി.എസ്.സിയുടെയും സർക്കാരിന്റെയും പിടിപ്പുകേടുകൊണ്ടാണെന്ന് ഉദ്യോഗാർത്ഥികൾ ആരോപിക്കുന്നു. യോഗ്യത പുതുക്കിയ സമയത്ത് അംഗീകൃത കോഴ്സുകളെ കുറിച്ച് വ്യക്തത വരുത്തിയിരുന്നെങ്കിൽ വിജ്ഞാപനം വരുന്നതിന് മുമ്പ് എല്ലാ പേർക്കും യോഗ്യത നേടാൻ കഴിയുമായിരുന്നെന്നും അവർ പറഞ്ഞു.

പെട്ടെന്ന് ശസ്ത്രക്രിയ വേണോ, പണമെറിഞ്ഞാൽ ഒ.കെ

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ദല്ലാൾ വഴി പണമെത്തിച്ചാൽ എന്തും നടക്കും

എസ്. സ്മിതേഷ്

തിരുവനന്തപുരം: ഡോക്ടർമാർക്ക് വേണ്ടി രോഗികളിൽ നിന്ന് പണപ്പിരിവ് നടത്തുന്നതിനും മറ്റുമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വൻ ലോബി പ്രവർത്തിക്കുന്നു. അത്യാഹിത വിഭാഗം കേന്ദ്രീകരിച്ചാണ് ഇത്തരം സംഘങ്ങൾ ഇരപിടിക്കുന്നത്.

അതീവഗുരുതരാവസ്ഥയിൽ അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികളുടെ ബന്ധുക്കളെ സംഘങ്ങൾ സമീപിക്കും. ആശുപത്രി ജീവനക്കാരൻ ചമഞ്ഞാണ് പരിചയപ്പെടുന്നത്. ഇതിനുശേഷം രോഗിക്ക് മികച്ച ചികിത്സ ഉറപ്പാക്കാമെന്ന് പറഞ്ഞ് ഇവരിൽനിന്ന് പണം ഈടാക്കി ഡോക്ടറിന് നൽകും. ഇതിന്റെ ഒരു ഭാഗം ഇവർക്ക് കമ്മീഷനായി ലഭിക്കും. സന്ദർശന സമയമല്ലാത്തപ്പോൾ രോഗിയെ സന്ദർശിക്കാനുള്ള സൗകര്യം ഉൾപ്പെടെയുള്ളവയും ഇവർ ഒരുക്കുന്നുണ്ട്.

ശസ്ത്രക്രിയക്ക് വേണ്ട സാധനങ്ങൾ വാങ്ങേണ്ട രോഗികളുടെ ബന്ധുക്കളെ ഡോക്ടർമാർ തന്നെ ഇവർക്ക് പരിചയപ്പെടുത്തുന്നതും പതിവാണ്. പിന്നെ സാധനങ്ങൾ വാങ്ങി ഓപ്പറേഷൻ തീയേറ്ററിൽ എത്തിക്കുന്ന ചുമതല സംഘങ്ങൾക്കാണ്. ചോദിക്കുന്ന പണം നൽകുകയല്ലാതെ സാധനങ്ങളുടെ വില തിരക്കാൻ പോലും രോഗികളുടെ ബന്ധുക്കൾക്ക് കഴിയില്ല.

ദല്ലാൾ സംഘങ്ങൾ ഇടപെട്ട് മാറ്റിവച്ച ശസ്ത്രക്രിയകൾ തൊട്ടടുത്ത ദിവസം നടത്തിയ അനുഭവങ്ങളും രോഗികൾക്കുണ്ട്. അടുത്തിടെ ആറ്റിങ്ങലിന് സമീപത്തുനിന്ന് നെഞ്ചുവേദനയുമായി എത്തിയ രോഗിക്കും സമാനമായ അനുഭവമുണ്ടായി. അത്യാഹിതവിഭാഗത്തിൽ എത്തിച്ച ഇദ്ദേഹത്തിന് ശസ്ത്രക്രിയ അനിവാര്യമാണെന്ന് ഡോക്ടർമാർ അറിയിച്ചു. എന്നാൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പെട്ടെന്ന് ശസ്ത്രക്രിയ ചെയ്യാൻ കഴിയില്ലെന്നും മറ്റേതെങ്കിലും ആശുപത്രിയിലേക്ക് മാറ്റാനുമായിരുന്നു ഡോക്ടർമാരുടെ ഉപദേശം.

ഈസമയം ഒരാൾ രോഗിയുടെ ബന്ധുക്കളെ സമീപിക്കുകയും നിശ്ചിത തുക നൽകിയാൽ അന്നുതന്നെ ശസ്ത്രക്രിയ നടത്താനുള്ള സൗകര്യം ഒരുക്കാമെന്നും അറിയിച്ചു. പണം നൽകി നിമിഷങ്ങൾക്കുള്ളിൽ ശസ്ത്രക്രിയ നടക്കുകയും ചെയ്തു.

എളുപ്പത്തിൽ കാര്യം നടക്കുമെന്നതിനാൽ പലരും ഇത്തരം സംഘങ്ങളെ അനുഗ്രഹമായാണ് കാണുന്നത്. അതിനാൽ തന്നെ വൻതുക വാങ്ങിയാൽ പോലും ആരും പുറത്തു പറയാറില്ല. ഇതാണ് സംഘങ്ങളെ പോറ്റി വളർത്താൻ ഡോക്ടർമാർക്ക് തുണയാകുന്നത്.

ജവാനെ കാണാനില്ലെന്ന് പരാതി

അങ്കമാലി: കേന്ദ്രീയ വ്യവസായ സുരക്ഷ സേന ജവാൻ കിഴക്കേ കടുങ്ങല്ലൂർ പുഷ്പകത്ത് വീട്ടിൽ പി. വി. ശശീധരനെ ഡിസംബർ 17 മുതൽ കാണാനില്ലയെന്നും അധികൃതർക്ക് പരാതികൾ നൽകിയിട്ടുണ്ടെന്നും ഭാര്യ അങ്കമാലി കോതകുളങ്ങര മംഗലത്ത് വീട്ടിൽ എം. എസ്. കുമാരി പറഞ്ഞു.

സേനയിൽ നിന്ന് സ്വയം വിരമിക്കുന്നതിനു ആവശ്യമായ രേഖകൾ തയ്യാറാക്കുന്നതിന് ഝാർഖണ്ഡിലെ ലാൽ മറിയ ക്യാമ്പിൽ നിന്ന് നാട്ടിലേക്ക് ഡിസംബർ 15ന് തിരിച്ച ശശിധരൻ ഇതുവരെ നാട്ടിൽ എത്തിയിട്ടില്ല.

15, 16 തീയതികളിൽ വീട്ടുകാരുമായി ടെലിഫോണിൽ ബന്ധപ്പെട്ട ശശിധരൻ 16-ാം തീയതി ഹൗറയിൽ നിന്ന് കോറമാണ്ഡൽ എക്സ്പ്രസിൽ ചെന്നൈയിലേക്ക് തിരിച്ചതായി അറിയിച്ചിരുന്നു.

17ന് വൈകീട്ട് 3നും രാത്രി 11നും ഭാര്യയുമായി ഫോണിൽ ബന്ധപ്പെട്ട ശശിധരൻ പരസ്പരബന്ധമില്ലാതെയാണ് സംസാരിച്ചതെന്നും ബന്ധുക്കൾ പറഞ്ഞു.

19ന് നാട്ടിൽ എത്താതെയിരുന്നതിനെ തുടർന്നാണ് ബന്ധുക്കൾ അന്വേഷണം തുടങ്ങിയത്. സി.ഐ.എസ്.എഫിന്റെ ഡൽഹി, കൽക്കത്ത കേന്ദ്രങ്ങളുമായി വീട്ടുകാർ ബന്ധപ്പെട്ടെങ്കിലും 15ന് ക്യാമ്പിൽനിന്ന് ലീവിൽ നാട്ടിലേക്ക് പോന്നതായാണ് അറിയാൻ കഴിഞ്ഞത്.

സേനയിലെ വിവിധ അധികാരികൾക്കും ഡൽഹി മുഖ്യകാര്യാലയത്തിലേക്കും കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ, മുഖ്യമന്ത്രി ഉമ്മൻചാണ്ടി, കെ. പി. ധനപാലൻ എം.പി., ജോസ് തെറ്റയിൽ എം.എൽ.എ. തുടങ്ങിയവർക്ക് ബന്ധുക്കൾ പരാതി നല്കിയിട്ടുണ്ട്. എറണാകുളം റൂറൽ എസ്.പിയായിരുന്ന ഹർഷിത അത്തല്ലൂരിയ്ക്ക് ശശിധരൻെറ ഭാര്യ നല്കിയ പരാതിയെതുടർന്ന് നടത്തിയ അന്വേഷത്തിൽ സൈബർസെല്ലിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് 17 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ വിശാഖപട്ടണത്തിന് കീഴിലുള്ള വിവിധ ടവറുകൾക്ക് വിവിധ സ്ഥലങ്ങളിൽ ഉണ്ടായിരുന്നതായി വിവരം ലഭിച്ചു.

തുടർന്ന് പോലീസിന്റെ സഹയാത്തോടെ നടത്തിയ അന്വേഷത്തിലും ശശിധരനെ കണ്ടെത്താൻ കഴിഞ്ഞില്ല. ശശിധരനെ കണ്ടു കിട്ടുന്നവർ 9446288941 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണമെന്ന് ഭാര്യ കുമാരി അഭ്യർത്ഥിച്ചു.

അശാസ്ത്രീയമായ ഹമ്പുകൾ മുവാറ്റുപുഴയിൽ അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നു

മൂവാറ്റുപുഴ: അശാസ്ത്രീയമായി സ്ഥാപിച്ചിരിക്കുന്ന ഹമ്പുകൾ മൂവാറ്റുപുഴയിൽ അപകടങ്ങൾക്ക് ഇടയാക്കുന്നു.

പൊതുമരാമത്ത് റോഡിലും മുനിസിപ്പൽ റോഡുകളിലും യാതൊരു മുന്നറിയിപ്പുമില്ലാതെ തോന്നിയ അളവിൽ നിർമ്മിച്ചിരിക്കുന്ന ഹമ്പുകളാണ് അപകടക്കെണികളാവുന്നത്. മൂവാറ്റുപുഴയിലെ പല നിരത്തുകളിലും വെള്ളയടിക്കാതെ ടാർ തന്നെ കുന്നുപോലെയാക്കി തോന്നുന്ന അളവിൽ ഹമ്പുകൾ നിർമ്മിച്ചിരിക്കുകയാണ്.

ഇവയിൽ പലതിനും മുകളിൽ വെള്ള പെയിന്റടിച്ചിട്ടില്ല. അടിച്ചിരുന്നവയിൽ പലതിന്റെയും പെയിന്റ് മാഞ്ഞ് പോവുകയും ചെയ്തു. അപകടം പതിവായ വെള്ളൂർക്കുന്നം സിഗ്നൽ ജംഗ്ഷനിൽ കെ.എസ്.ടി.പി കഴിഞ്ഞ വർഷം സ്ഥാപിച്ച റമ്പിൾ സ്ട്രൈപ്സ് ടാർ പോലും പൊളിഞ്ഞ് കാണുവാൻ പോലുമാകാത്ത അവസ്ഥയിലെത്തി. കച്ചേരിത്താഴത്ത് ചെറിയ പാലത്തിൽ സ്ഥാപിച്ചിരിക്കുന്ന ഹമ്പിനാവട്ടെ വെള്ള പെയിന്റടിച്ചിട്ടില്ല. തോന്നിയ വലുപ്പത്തിലാണ് നിർമ്മിച്ചിരിക്കുന്നത്. പല പോക്കറ്റ് റോഡുകളിലെയും സ്ഥിതി ഇതാണ്. നഗരത്തിലെ പ്രധാന ലിങ്ക് റോഡായ കാവുംപടി റോഡിൽ നിന്ന് ടി.ബി. ജംഗ്ഷനിലേക്ക് വരാവുന്ന സത്രംകുന്ന് കയറ്റത്തിന് മുമ്പ് സ്ഥാപിച്ചിട്ടുള്ള ഹമ്പ് ഡ്രൈവർമാർക്ക് അടുത്ത് എത്തുമ്പോൾ മാത്രമെ കാണുവാൻ സാധിക്കൂ. അതിനാൽ ഹമ്പിന് അടുത്ത് എത്തുമ്പോൾ ബ്രേക്ക് ചെയ്തോ, കുതിച്ച് ചാടിയോ അപകടങ്ങൾ നിത്യ സംഭവമാണ്. കഴിഞ്ഞ ദിവസം ഇതേ ഹമ്പിൽ തട്ടി വീണ ഒരു സ്കൂട്ടർ യാത്രക്കാരൻ കാൽ മുട്ടിലെ പ്ലേറ്റ് പൊട്ടി സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുമാണ്. ഇതുപോലെ ചെറുതും വലുതുമായ നിരവധി അപകടങ്ങളാണ് നിത്യവും ഉണ്ടാവുന്നത്. ഹമ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് ചീഫ് എൻജിനീയറുടെ പ്രത്യേക അനുമതി വേണമെന്നും ഹമ്പുകൾക്ക് മുമ്പിൽ സ്പീഡ് നിയന്ത്രിക്കണമെന്ന ബോർഡ് സ്ഥാപിക്കണമെന്നും ഹമ്പുകൾക്ക് മുകളിലും അതിന് നിശ്ചിത മീറ്ററുകൾക്ക് മുന്നിലും തെർമൊപ്ലാസ്റ്റിക് പെയിന്റ് കൊണ്ട് വെള്ളവര വരയ്ക്കണമെന്നുമുള്ള നിയമങ്ങൾ ഒന്നും പാലിക്കാതെയാണ് മൂവാറ്റുപുഴ നഗരത്തിലെ റോഡുകളിൽ ഹമ്പുകൾ സ്ഥാപിച്ചിരിക്കുന്നത്.

ആർക്കയ്വ്സ് സംരക്ഷണം സഭയുടെ പ്രേഷിതദൗത്യം : മാർ ജോർജ്ജ് ആലഞ്ചേരി

മാർ ജോർജ്ജ് ആലഞ്ചേരി സെമിനാർ ഉദ്ഘാടനം ചെയ്യുന്നു. സമീപത്ത് ഡോ. എൻ്റിക്കോ ഫൈ്ളയാനി, മാർ ആൻഡ്രൂസ് താഴത്ത്, ഫാ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി, ഫാദർ സെബാസ്റ്റ്യൻ നടുത്തടം

കൊച്ചി: ചരിത്രവസ്തുക്കൾ സംരക്ഷിക്കുകയും രേഖകൾ സൂക്ഷിക്കുകയും ചെയ്യുന്നത് സഭയുടെ പേരഷിതദൗത്യത്തിന്റെ ഭാഗമാണെന്ന് സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പറഞ്ഞു. രേഖകൾ സൂക്ഷിക്കുന്ന കാര്യത്തിൽ കൂടുതലായ അവബോധം ദേശിയതലത്തിലും സഭാതലത്തിലും സംജാതമായിട്ടുള്ളത് ശുഭോദർക്കമാണെന്ന് അദ്ദേഹം പറഞ്ഞൂ. കാക്കനാട് മൗണ്ട് സെന്റ്തോമസിൽ രൂപത ചാൻസലർമാർ, സന്യാസിനി സന്യാസ സമൂഹങ്ങളിലെ സെക്രട്ടറിമാർ, മേജർ സെമിനാരി ലൈബ്രേറിയൻമാർ എന്നിവർക്കുവേണ്ടി നടത്തപ്പെട്ട എക്ളേസിയാസ്റ്റിക്കൽ ആർക്കയ്വ്സ് (സഭാ രേഖാലയം) എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായുരുന്നു അദ്ദേഹം. സീറോമലബാർ ലിറ്റർജിക്കൽ റിസർച്ച് സെന്റർ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷനായിരുന്നു. വത്തിക്കാൻ ആർക്കയ്വ്സുമായി സഹകരിച്ചുനടത്തുന്ന സെമിനാർ വത്തിക്കാൻ ആർക്കിവിസ്റ്റ് ഡോ. എൻ്റിക്കോ ഫൈ്ളയാനി, മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം, എറണാകുളം-അങ്കമാലി അതിരൂപത ആർക്കിവിസ്റ്റ് ഫാ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി എന്നിവർ ക്ലാസെടത്തു.

തൃപ്പൂണിത്തുറ നഗരസഭയിലെ ഭരണ കക്ഷിയിൽ ഭിന്നത

തൃപ്പൂണിത്തുറ: തൃപ്പൂണിത്തുറ നഗരസഭയിലെ ഭരണ കക്ഷിയായ യു.ഡി.എഫിൽ അഭിപ്രായ ഭിന്നത മറനീക്കി പുറത്തായി. നഗരസഭാ ഭരണം വിലയിരുത്തുവാനും അപാകത പരിഹരിക്കുവാനും മുൻസിപ്പൽ ചെയർമാൻ കഴിഞ്ഞ ദിവസം ഒരു യോഗം വിളിച്ചുകൂട്ടി. കൗൺസിലർമാരും ഉദ്യോഗസ്ഥന്മാരും പങ്കെടുത്ത യോഗത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ ക്ഷണിച്ചിരുന്നില്ല. ചില സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ വഴിവിട്ട പ്രവർത്തനം നടത്തുന്നതായിട്ടുള്ള ആരോപണം കണക്കിലെടുത്താണ് യോഗം വിളിച്ചുകൂട്ടിയത്.

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അറിയാതെ ചെയർമാൻ യോഗം വിളിച്ചു ചേർത്തതിൽ അദ്ദേഹം പൊട്ടിത്തെറിച്ചു.

ട്രേഡ് യൂണിയൻ രംഗത്തെ സ്വതന്ത്രമായ പ്രവർത്തനത്തിലൂടെ മികവ് പ്രകടിപ്പിച്ചിട്ടുള്ള തന്നോട് ആലോചിക്കാതെ യോഗം വിളിച്ചു ചേർത്തത് മനപൂർവ്വം അവഹേളിക്കാനാണെന്ന് അദ്ദേഹം ആരോപിച്ചു.

സി.പി.എം മാർച്ച് നടത്തി

ആലുവ : അശാസ്ത്രീയമായ കെട്ടിട നികുതി വർദ്ധനക്കെതിരെ സി.പി.എം ആലുവ ലോക്കൽ കമ്മറ്റിയുടെ നേതൃത്വത്തിൽ ആലുവ നഗരസഭയിലേക്ക് മാർച്ചും തുടർന്ന് ധർണയും നടത്തി. ടൗൺ ഹാൾ പരിസരത്തു നിന്ന് ആരംഭിച്ച മാർച്ച് സി.പി.എം ഏരിയ സെക്രട്ടറി അഡ്വ. വി. എം. സലിം ഉദ്ഘാടനം ചെയ്തു.

എ. എം. യൂസഫ്, എം. ജെ. ടോമി, പി. എം. സഹീർ എന്നിവർ പ്രസംഗിച്ചു. മാർച്ചിന് ഡോ. ജോയ് ജോബ് കുളവേലി, ഗയിൽ ദേവസി പയ്യപ്പിള്ളി, ഗ്രിഗറി ജോസഫ് എന്നിവർ നേതൃത്വം നൽകി.

തട്ടേക്കാട് പക്ഷി നിരീക്ഷകർക്ക് പ്രവേശനം നൽകുന്ന കാര്യം പരിഗണനയിൽ

കോതമംഗലം: ലോക പ്രശസ്തമായ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ പക്ഷി നിരീക്ഷകർക്കും ഗവേഷകർക്കും ഏർപ്പെടുത്തിയിരുന്ന വിലക്ക് പിൻവലിക്കാൻ ധാരണയായി. ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വനംമന്ത്രി കെ. ബി. ഗണേഷ്കുമാർ ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടു. പക്ഷി സങ്കേതത്തിൽ പ്രവേശനം അനുവദിക്കണമെന്നുള്ള വിദേശിയരും തദ്ദേശിയരുമായ പക്ഷി നിരീക്ഷകരുടെയും ആവശ്യം പരിഗണിച്ചാണ് മന്ത്രി ഇക്കാര്യത്തിൽ അനുകൂല നിലപാട് എടുത്തത്. പ്ളാസ്റ്റിക് സാധനങ്ങൾ പൂർണമായും നിരോധിച്ചും സമയക്രമം ഏർപ്പെടുത്തി കർശന വ്യവസ്ഥകളോടെയാണ് പ്രവേശനത്തിന് അനുമതി നൽകുന്നതെന്ന് മന്ത്രി വ്യക്തമാക്കി. കഴിഞ്ഞ രണ്ടു വർഷമായി പെരിയാർ തീരത്തെ ഈ പക്ഷി സങ്കേതത്തിനുള്ളിലെ വനപ്രദേശത്തേക്ക് ആരെയും പ്രവേശിപ്പിച്ചിരുന്നില്ല.

മാക്കാച്ചികാട പോലുള്ള അപൂർവയിനം പക്ഷികൾക്ക് ശല്യം ഉണ്ടാകുന്നത് തടയുന്നതിനും സ്വഭാവികവനം പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ടായിരുന്നു നിരോധനമെന്നാണ് അധികൃതർ മന്ത്രിക്ക് വിശദീകരണം നൽകിയത്. എന്നാൽ ഇതിന്റെ പേരിൽ ഗവേഷകർക്കും പക്ഷി നിരീക്ഷകൾക്കും നിരോധനം ഏർപ്പെടുത്തുന്നത് ശരിയല്ലാത്തതിനാലാണ് മന്ത്രി പ്രവേശനം നൽകുന്നതിന് അനുകൂല നിലപാടെടുത്തത്. രണ്ടായിരത്തഞ്ഞൂറ് ഹെക്ടറിലായി വ്യാപിച്ചു കിടക്കുന്ന പക്ഷി സങ്കേതം ഏഷ്യയിലെ ഏറ്റവും വലുതാണ്.

ഈ വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നതാർക്കു വേണ്ടി

കൽപ്പറ്റ: തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുന്ന കാറ്,ബസ്, ജെസിബി, ജീപ്പ്......തുടങ്ങി കലകൂറേറ്റിന്റെ പുറക് വശത്ത് കാണുന്ന കാഴ്ച വ്യത്യസ്തമാണ്. വർഷങ്ങളായിട്ട് ഇവിടം ഇങ്ങനെയാണ്, ഒരു മാറ്റവുമില്ല.നഗരത്തിൽ ദിനം പ്രതി വ്യത്യസ്ത മോഡലുകളുള്ള വാഹനങ്ങൾ ഇറങ്ങുമ്പോൾ ഈ വാഹനങ്ങൾ ആർക്കും വേണ്ടാതെ കിടക്കുകയാണ്. വാഹനങ്ങൾ ദിനം പ്രതി തുരുമ്പെടുത്ത് നശിക്കുകയാണിവിടെ. കണ്ടം ചെയ്ത് ലേലത്തിൽ പോകേണ്ട വാഹനങ്ങളാണ് അധികവും.മണൽ കേസിൽ പിറിച്ചെടുത്ത വാഹനവും അവിടെയുണ്ട്. ലേലത്തിൽ വെച്ചാൽ നഷ്ടം സഹിച്ച് ആരും ലേലം വിളിച്ചെടുക്കാറില്ല.കണ്ടം ചെയ്ത വാഹനങ്ങളാണ് അധികവും. റവന്യൂ, വിദ്യാഭ്യാസം, അഗ്രികൾച്ചർ തുടങ്ങി വിവിധ വകുപ്പുകളുടെ വാഹനങ്ങളാണ് ഇവിടെ തുരുമ്പെടുത്ത് നശിക്കുന്നത്.വർഷങ്ങളായി ഇത് ഇവിടെ നിർത്തിയിട്ടിരിക്കുകയാണ്. ആർക്കും ഉപകാരമില്ലാതെ. ലേലത്തിലെടുത്താൽ അത് റിപ്പയർ ചെയ്യാൻ തന്നെ വമ്പിച്ച കാശ് ചെലവാകും. ലേലത്തിലെടുക്കാത്തതാണ് വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നതിനുള്ള പ്രധാന കാരണം.

മുല്ലപ്പെരിയാർ

ജനങ്ങളുടെ സുരക്ഷക്ക് നടപടി

ചെന്നൈ: മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളജനതയുടെ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ഗവർണർ എം.ഒ.എച്ച്. ഫാറൂഖിന്റെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ പുതുച്ചേരിയിലേക്കുള്ള യാത്രാമധ്യേ ചെന്നൈ വിമാനത്താവളത്തിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിനും തമിഴ്നാടിനുമിടയിൽ പല വർഷങ്ങളായി സൗഹാർദ്ദം നിലനിൽക്കുന്നു. മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ പേരിൽ ഇരുസംസ്ഥാനങ്ങൾക്കുമിടയിലുണ്ടായ അസ്വസ്ഥതകൾ വേദനാജനകമാണ്. തമിഴ്നാട്ടിലെ അഞ്ചു ജില്ലകൾ പൂർണമായും മുല്ലപ്പെരിയാർ വെള്ളത്തെ ആശ്രയിച്ചാണിരിക്കുന്നതെന്ന് കേരളത്തിനറിയാം. അതുകൊണ്ടാണ് കരാറനുസരിച്ച് തടസ്സമില്ലാതെ കേരളം ജലം നൽകിയത്. ഭാവിയിലും വെള്ളം നൽകുന്നത് തുടരും.അതേസമയം, കേരളത്തിലെ ജനങ്ങളുടെ സുരക്ഷക്കും സർക്കാർ നടപടികളെടുക്കും. കേരളത്തിലെ ജനങ്ങൾക്ക് സംരക്ഷണം നൽകേണ്ടത് ഞങ്ങളുടെ കടമയാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഇരു സംസ്ഥാന മുഖ്യമന്ത്രിമാരും ചർച്ചനടത്തി രമ്യമായ പരിഹാരം കാണുമെന്നാണ് വിശ്വാസം ഉമ്മൻചാണ്ടി പറഞ്ഞു.

മുസ്ലി പവർ എക്സ്ട്രായ്ക്ക് പരസ്യം ചെയ്യാം : ഹൈക്കോടതി

കൊച്ചി : കുന്നത്ത് ഫാർമസ്യൂട്ടിക്കൽസിന്റെ ആയുർവേദ ഉല്പന്നമായ മുസ്ലി പവർ എക്സ്ട്രായുടെ പരസ്യങ്ങൾ ഡിവിഷൻ ബഞ്ചിന്റെ നിർദ്ദേശങ്ങൽ പാലിച്ച് തുടരാവുന്നതാണെന്ന് ഹൈക്കോടതി വിധിച്ചു.

കുന്നത്ത് ഫാർമസ്യൂട്ടിക്കൽസിന് ലൈസൻസ് അഞ്ച് വർഷത്തേക്കു പുതുക്കി നൽകിയ വേളയിൽ മേലിൽ പരസ്യം ചെയ്യാൻ പാടില്ലെന്നും പരസ്യം ചെയ്താൽ ലൈസൻസ് റദ്ദാക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നിബന്ധനയ്ക്കെതിരെ കുന്നത്ത് ഫാർമസ്യൂട്ടിക്കൽസ് കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജിയിലാണ് അനുകൂലമായ വിധിയുണ്ടായിരിക്കുന്നത്.

സെക്ഷൻ 33 എൻ പ്രകാരം ആയുർവേദ ഉല്പാദകർക്ക് ലൈസൻസ് നൽകുമ്പോൾ നിബന്ധനകൾ വയ്ക്കാനുള്ള അധികാരം കേന്ദ്രസർക്കാരിനു മാത്രമാണ്. ലൈസൻസ് പുതുക്കിയ സന്ദർഭത്തിൽ പരസ്യം ചെയ്യരുതെന്ന് കേരള സർക്കാർ ഉപാധി വച്ചതിനെതിരെയാണ് കുന്നത്ത് ഫാർമസ്യൂട്ടിക്കൽസ് ഹൈക്കോടതിയെ സമീപിച്ചത്.

മുസ്ലി പവർ എക്സ്ട്രായിൽ മനുഷ്യ ശരീരത്തിന് ഹാനികരമായ ഘടകങ്ങൾ അടങ്ങിയിരിക്കുന്നുവെന്ന പി.യു.സി. എല്ലിന്റെ പരാതിയെ തുടർന്ന് ഉല്പന്നത്തിന്റെ സാമ്പിൾ എടുത്ത് ഗാസിയാബാദിലെ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിലേക്ക് വിദഗ്ധ പരിശോധനയ്ക്ക് അയക്കാൻ ഹൈക്കോടതി ഡിവിഷൻ ബഞ്ച് 2011 ജൂൺ 27ന് വിധിച്ചിരുന്നു.

പരിശോധനാ ഫലം വരുന്നത് വരെ പരസ്യങ്ങൾ ചെയ്യരുതെന്നാണ് കോടതി ആവശ്യപ്പെട്ടത്. മുസ്ലി പവർ എക്സ്ട്രായിൽ ഹാനികരമോ, നിരോധിക്കപ്പെട്ടതോ ആയ യാതൊന്നും ഇല്ലെന്നും വിദഗ്ധ പരിശോധനയിൽ വ്യക്തമായി തെളിഞ്ഞു.

മുസ്ലി പവർ എക്സ്ട്രായുടെ നിയമാനുസൃതം പരസ്യം ചെയ്യുവാനുള്ള മൗലികാവകാശത്തിനു വേണ്ടിയാണ് കുന്നത്ത് ഫാർമ ഹൈക്കോടതിയെ സമീപിച്ചത്.